സൂപ്രവൈസർ ട്രെയിനിംഗിനു സെലക്റ്റ് ചെയ്തവർ.

82. [46] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും സൂപ്രവൈസർ ട്രെയ്നിംഗിനു് എത്ര പേരെ സെലക്ട് ചെയ്തിട്ടുണ്ട്; എത്ര പേർ അപേക്ഷിച്ചിട്ടുണ്ട്;

(ബി) സെലക്ട് ചെയ്തിട്ടുള്ളവരിൽ പെൻഷൻകാലം അടുത്തിട്ടുള്ളവർ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര കൊല്ലം വീതം;

(സി) ട്രെയിനിംഗ് കഴിഞ്ഞാ അഞ്ചുവർഷമെങ്കിലും സർവീസിൽ സേവനമില്ലെങ്കിൽ ഗവണ്മെൻറിനു നഷ്ടം ഉണ്ടാകുന്നില്ലേ?

ഉത്തരം.

(എ) റവന്യൂസൂപ്രവൈസർമാർക്കും തഹശീൽദാർമാർക്കും ആയിട്ടുള്ള ഹയർസ്സർവെ ട്രെയിനിംഗിനു 20 പേരെ സെലക്ട് ചെയ്തിട്ടുണ്ട്. 132 പേർ അപേക്ഷിച്ചിരുന്നു.

(ബി) പെൻഷൻകാലം വളരെ അടുത്തിട്ടുള്ളവർ ആരും ഇല്ല.

(സി) ഗവണ്മെൻറിനു് നഷ്ടം ഉണ്ടാകുന്നില്ല.

Announcement by Speaker regarding Privileged motions

MR. SPEAKER: Question time is over. I will deal with the Privilege motions later on. The point raised by Mr. George can also be dealt with later.

9 A. M.

പ്രിവിലേജ് മോഷൻസ് അയയ്ക്കുമ്പോൾ കേന്ദ്ര അസംബ്ലിയിലെ നടപടിക്രമങ്ങൾ ബഹുമാനപ്പെട്ട മെമ്പറന്മാർ അനുസരിക്കുന്നതു് നന്നായിരിക്കുമെന്നു് ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. പ്രിവിലേജ് മോഷനു് നോട്ടീസു കൊടുക്കുന്നതിനുമുമ്പു് സ്പീക്കറെ കണ്ടു അതേപ്പറ്റി ആലോചിക്കുമെന്നുള്ളതാണു് കേന്ദ്രത്തിലെ വഴക്കം. അങ്ങനെയായാൽ കുറെക്കൂടെ കാര്യക്ഷമമായി പ്രിവിലേജ് മോഷൻസ് കൈകാര്യം ചെയ്യാൻ സാധിക്കുന്നതാണു്.

SHRI K. C. GEORGE: Sir, I want to point out a correction that has to be made in the bulletin that has been issued under date 6th October 1955. With regard to the adjournment motion, it has been stated that the adjournment motion given notice of by Shri T. V. Thomas regarding the pomme lathi charge yesterday within the Secretariat premises has been admitted. What is stated in the text of the motion lathi charges took place in the presence of the Hat Rule 171 ing at the entrance of the Assembly Hall. T, the Chairman Secretariat does not find a place in the mother member may feel a correction has to be made. eration, whereupon e Assembly.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഈ പ്രിവിലേജസ് മോഷന്റെ അടിസ്ഥാനത്തിൽ, അസംബ്ലി പ്രെമിസസിനെ പറ്റി ഒരു ഡഫനിഷൻ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സെക്രട്ടറിയേറ്റ് പ്രെമിസസ് എന്താണ്, അസംബ്ലി പ്രെമിസസ് എന്താണ് എന്ന് കഴിയുന്നതും വേഗം തീരുമാനിക്കാവുന്നതാണ്.

Shri K. C. George: I will make myself clear. Under the title 'adjournment motion' it is stated that the motion given notice of by Shri T. V. Thomas regarding the police lathi charge yesterday within the Secretariat premises was admitted, whereas the text of the motion says that the lathi charge was done at the entrance of the Assembly Hall in the Assembly premises. Correction has to be made to that effect in the Bulletin.

Mr. SPEAKER: If the need arises the matter will be considered.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സെക്രട്ടറിയേറ്റ് പ്രെമിസസ്സും, ലജിസ്ലേച്ചർ പ്രെമിസസ്സും എതാണെന്നു തീരുമാനിക്കുന്നതിനു മുൻപു് ഇതെങ്ങനെ കറക്റ്റ് ചെയ്യും? ബഹുമാനപ്പെട്ട സ്പീക്കരുടെ ഡഫനിഷൻ വന്നതിനു ശേഷം കറക്റ്റ് ചെയ്യാം.

മി. സ്പീക്കർ: അടിയന്തിരപ്രമേയത്തിൽ, അസംബ്ലിപ്രെമിസസ്സിൽ നടന്ന ലാത്തിച്ചാർജ്ജ് എന്നാണ് പറഞ്ഞിരിക്കുന്നതു്. പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ബുള്ളറ്റിനിലും പറഞ്ഞിരിക്കുന്നതു് തിരുത്തണമെന്നാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് മുഖേന അങ്ങിപ്രായമാണെന്നു കൂട്ടിച്ചേർക്കാം.

SHRI T. K. DIVAKARAN: What the motion says is only a statement of fact. The wording is " . . . . brutal and indiscriminate lathi charge without just cause or provocation by a pack of reserve policemen on a batch of over 300 workers peacefully demonstrating and a large number of visitors standing at the entrance of the Assembly Hall yesterday at about 7-45 a. m. causing serious injuries to over 150 people".

ഇതിൽ സെക്രട്ടറിയേറ്റ് പ്രെമിസസ്സ് എന്നു സൂചിപ്പിച്ചിട്ടില്ലാത്ത സ്ഥിതിക്ക് സെക്രട്ടറിയേറ്റ് പ്രെമിസസ്സ് എന്ന നിഗമനം ശരിയല്ല.

Mr. SPEAKER: It is only a statement of fact and nothing more.

എൻ. രാഘവക്കുറുപ്പ്: സർ, ലാത്തിച്ചാർജ്ജ് നടത്തിയതു് അസംബ്ലിയിൽ വച്ചാണോ എന്നുള്ള പ്രശ്നം ഇപ്പോൾ ഉണ്ടാകുന്നതു്. പ്രതിപക്ഷ നേതാവിന്റെ അടിയന്തിരപ്രമേയത്തിന്മേൽ ബഹുമാനപ്പെട്ട പോലീസ്മന്ത്രി പ്രസംഗിച്ചതിലും അസംബ്ലിപ്രെമിസസ്സിൽ വച്ചല്ലാ സംഭവം നടന്നതായിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ഇവിടെ

(a) Nil.

(b) The form[illegible] ബഹുമാനപ്പെട്ട പോലീസ്മന്ത്രി പ്രസംഗിച്ച
Loans Act and Rule[illegible]വും അസംബ്ലിപ്രെമിസസ്സിൽ വച്ചല്ലാ സംഭവം
[illegible]യിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ഇവിടെ

(c) No.

LIBRARY ARCHIVES Kerala Legislative Assembly

ഹാജരുണ്ടായിരുന്നു. കൂടാതെ കോൺഗ്രസ്സ് പാർട്ടിയിലെ പ്രമുഖന്മാരായ പലരും സഖാവ് ബേബി ജാ ിന്റെ പ്രസംഗത്തിനു് ആക്ഷേപം ഉന്നയിച്ച സമയത്തും സെക്രട്ടറിയേറ്റ് പ്രെമിസസ്സിൽ വച്ചാണു് ലാത്തിച്ചാർജ്ജ് നടത്തിയതു് എന്നാരോപണം ഉന്നയിച്ചില്ല. ശ്രീ. ടി. വി. തോമസിന്റെ അഭിപ്രായങ്ങൾ ശരിയാണെങ്കിലും, തൊഴിലാളികൾ തെറ്റുചെയ്തതുകൊണ്ടു് അടിച്ചു, തെറ്റുചെയ്താൽ ഇനിയും അടിക്കും, സ്ത്രീകളെ പ്രെവറ്റ് റൂമിൽ വച്ചായാലും അടിക്കും എന്നാണു് പോലീസുമന്ത്രി പ്രസ്താവിച്ചതു്. ഈ പ്രസംഗങ്ങൾ നടക്കുന്ന അവസരങ്ങളിലൊന്നുംതന്നെ സെക്രട്ടറിയേറ്റ് പ്രെമിസസ്സു് ആണെന്നുള്ള ഒരു കുഴപ്പം ആരും ചൂണ്ടിക്കാണിച്ചിട്ടില്ല. അതുകൊണ്ടു് ഈ സംഭവം നടന്നതു് ലജിസ്ലേച്ചർ പ്രെമിസസ്സിൽവച്ചു് തന്നെയാണെന്നു് എല്ലാവരും സമ്മതിക്കുകയാണെന്നു തെന്നു് മനസ്സിലാക്കാവുന്നതാണു്.

മി. സ്പീക്കർ : ഇതിനെപ്പറ്റി ഒരു വാദപ്രതിവാദത്തിന്റെ ആവശ്യമില്ല. സെക്രട്ടറിയേറ്റ് പ്രെമിസസ്സിനകത്തു വച്ചാണോ അടി നടന്നതു്, അസംബ്ലി പ്രെമിസസ്സിനകത്തു് വച്ചാണോ അടി നടന്നതു് എന്നതുമല്ല പ്രമേയകർത്താവിന്റെ ഉദ്ദേശം. മുള്ളറിൻ കറക്റ്റ് ചെയ്യണമെന്നാണു്.

ശ്രീ. മഞ്ഞുനാഥപ്രഭു : സർ, പായിന്റ് ഓഫ് ആർഡർ. ഈ സഭയുടെ മുൻപിൽ വാദപ്രതിവാദം നടത്തുന്നതു് എന്തിനെപ്പറ്റിയാണെന്നു് മനസ്സിലാകുന്നില്ല.

മി. സ്പീക്കർ : ഇവിടെനിന്നും ഇഷ്യൂചെയ്ത ഒരു ബുള്ളറിനെ സംബന്ധിച്ചാണു്. അതിനെപ്പറ്റി ഒരു വാദപ്രതിവാദത്തിന്റെ ആവശ്യമില്ല.

Reports of the Committee of Privileges

SHRI D. DAMODARAN POTTI: Sir, as Chairman of the Committee of Privileges, I move that the First Report of the Committee of Privileges be taken into consideration.

ശ്രീ. ടി. വി. തോമസ്സു് : സർ, ഈ ഫസ്റ്റ് റിപ്പോർട്ടു് ഇന്നലെ രാത്രിയിലാണു് ഞങ്ങൾക്കു് കിട്ടിയതു്. ഇതു് വായിച്ചുനോക്കിയതിൽ വളരെ പ്രധാനപ്പെട്ട ചില പ്രശ്നങ്ങളെ സംബന്ധിച്ചു് ചർച്ചനടത്തേണ്ട ആവശ്യമുണ്ടെന്നു് കാണുന്നു. അതിനു് അടുത്ത അഞ്ചാം പതിനൊന്നാംതീയതിയോ, പന്ത്രണ്ടാം തീയതിയോ ഇതിന്റെ ചർച്ചമാറ്റിവച്ചാൽ കൊള്ളാമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതിന്റെ ചർച്ചയെപ്പറ്റിയാണു് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് പറയുന്നതു് ?

ശ്രീ. ടി. വി. തോമസ്സു് : പ്രിവിലേജസ് കമ്മിറ്റിയുടെ ഒന്നാമത്തെ റിപ്പോർട്ടിനെപ്പറ്റിയുള്ള ചർച്ച റൂൾ 171–ാംവകുപ്പനുസരിച്ചുള്ള ചർച്ചയെപ്പറ്റി.

SHRI PANAMPILLI GOVINDA MENON: What Rule 171 says is "After the report has been presented, the Chairman or any member of the committee or any other member may move that the report be taken into consideration, whereupon the Speaker may put the question to the Assembly.

LIBRARY ARCHIVES Kerala Legislative Assembly